പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1670

21/01/2014-ൽ മറുപടിയ്ക്ക്

# പൈനാപ്പിൾ മിഷൻ

**ചോദ്യം**

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. ബെന്നി ബഹനാൻ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി.പി. സജീന്ദ്രൻ

എ) സംസ്ഥാനത്ത് പൈനാപ്പിൾ മിഷന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

ബി) മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

**മറുപടി**

**ശ്രീ. കെ. പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) 20.05.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) 168/2013/കൃഷി പ്രകാരം കേരള പൈനാപ്പിൾ മിഷൻ 31.08.2013-ൽ മൂവാറ്റുപുഴയിലെ നടുക്കര അഗ്രോ പ്രോസസ്സിംഗ് ഫാക്ടറി ആസ്ഥാനമായി രജിസ്റ്റർ ചെയ്തു. മിഷന്റെ പ്രവർത്തനങ്ങളുടെ ഉത്ഘാടനം 21.11.2013-ൽ കൃഷി വകുപ്പ് മന്ത്രി നടുക്കര അഗ്രോ പ്രോസസ്സിംഗ് ഫാക്ടറിയിൽ നിർവഹിച്ചു.

കേരള പൈനാപ്പിൾ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി വാഴക്കുളം മാർക്കറ്റിലെ പൈനാപ്പിൾ മാലിന്യം സംസ്കരിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്കരണ പ്ലാന്റിനായി 7.15 ലക്ഷം രൂപയുടെ സഹായം പൈനാപ്പിൾ മർച്ചന്റ് അസോസിയേഷന് അനുവദിച്ചിട്ടുണ്ട്.

മാർക്കറ്റിൽ പൈനാപ്പിളിന്റെ വിലയിടിഞ്ഞ സാഹചര്യത്തിൽ കർഷകരിൽ നിന്നും കിലോയ്ക്ക് 12 രൂപ നൽകി 137 ടൺ പൈനാപ്പിൾ സംഭരിക്കുകയും ഇതിലുണ്ടാകുന്ന നഷ്ടം നികത്താൻ നടുക്കര അഗ്രോ പ്രോസ്സസിംഗ് ഫാക്ടറിക്ക് 6.85 ലക്ഷം രൂപയുടെ സഹായവും അനുവദിച്ചിട്ടുണ്ട്.

ബി) സംസ്ഥാനത്ത് കാർഷിക മേഖലയിൽ വളരെയധികം വികസന സാദ്ധ്യതയുള്ള പൈനാപ്പിൾ കൃഷിയുടെ സമഗ്ര വികസനമാണ് പൈനാപ്പിൾ മിഷന്റെ ഉദ്ദേശ്യലക്ഷ്യം. പൈനാപ്പിളിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത,

സംസ്കരണം, വിപണനം, കയറ്റുമതി എന്നിവ വർദ്ധിപ്പിക്കുന്നതിലൂടെ പൈനാപ്പിൾ കൃഷിക്ക് ലോകത്താകമാനം പ്രശസ്തി നേടിക്കൊടുക്കുകയാണ് മിഷന്റെ ലക്ഷ്യം. പൈനാപ്പിൾ കൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും കൂടുതൽ വിളവ് നൽകുന്ന ഇനങ്ങൾക്കായി ഗവേഷണം നടത്തുന്നതിനും മിഷൻ ഉദ്ദേശിക്കുന്നുണ്ട്.

സി) പൈനാപ്പിൾ കൃഷി തദ്ദേശീയ സവിശേഷതകളോടെ വ്യാപിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

സി) പൈനാപ്പിൾ കൃഷി തദ്ദേശിയ സവിശേഷതകളോടെ വ്യാപിപ്പിക്കുന്നതിന് മിഷന്റെ 2013-14 വർഷത്തിലെ പ്രോഗ്രാമിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. പൈനാപ്പിളിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കേരള കാർഷിക സർവകലാശാലയുടെ സാങ്കേതിക സഹായത്തോടു കൂടി 16 പൈനാപ്പിൾ കൃഷി പ്രദർശനതോട്ടങ്ങൾ നടപ്പിലാക്കുന്നതിന് 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. നൂതന സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകുന്നതിന് 3 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. പൈനാപ്പിൾ കയറ്റുമതിയിൽ മുന്നിട്ടുനിൽക്കുന്ന ഫിലിപ്പൈൻസ്, തായ് ലന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള സാങ്കേതിക സഹായം ലഭിക്കുന്നതിനും കയറ്റുമതിക്ക് വേണ്ട പ്രോട്ടോകോൾ വികസനത്തിനുമായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. APEDA യുടെ സഹായത്തോടു കൂടി നടുക്കര അഗ്രോ പ്രോസ്സസിംഗ് ഫാക്ടറിയിൽ പണി കഴിപ്പിച്ചിട്ടുള്ള ശീതീകരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും അതുവഴി കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും 9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. പൈനാപ്പിളിൽ നിന്നും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. മാർക്കറ്റിൽ പൈനാപ്പിളിന്റെ വിലയിടിയുമ്പോൾ 12 രൂപ താങ്ങുവില കർഷകർക്ക് നൽകി പൈനാപ്പിൾ സംഭരിച്ച് സംസ്കരിക്കുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ നടുക്കര അഗ്രോ പ്രോസ്സസിംഗ് ഫാക്ടറിക്ക് 200 MT പൈനാപ്പിൾ സംഭരിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. പൈനാപ്പിൾ മിഷന്റെ ആസ്ഥാന മന്ദിരം പണിയുന്നതിന് 20 ലക്ഷം രൂപയും ഓഫീസ് സംവിധാനങ്ങൾ ഒരുക്കുന്നതിന് 12 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | മിഷന്റെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകുന്നത്; വിശദാംശങ്ങൾ നൽകുമോ? | ഡി) | പൈനാപ്പിൾ മിഷന്റെ പ്രവർത്തനത്തിനുവേണ്ടി 20/05/2013-ലെ 168/2013/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൃഷി വകുപ്പിന്റെ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ഒരു കോടി രൂപ ഒറ്റത്തവണ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ